# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

25/01/2026 | **STD - X** | മാർക്ക് - 50

02.00pm - 04.00pm | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * വിവാഹം | * ദൈവവചനം | * യോഹന്നാൻ |
| * സന്യാസം | * പൗലോസ് | * ജീവിതസാക്ഷ്യം |
| * പത്താം പീയൂസ് | * ജറുസലേം | * കരുണ |
| * വചന പ്രഘോഷണം | * സഭ | * ഈജിപ്ത് |
| * വി. ഫ്രാൻസീസ് സേവ്യർ | * പതിനൊന്നാം പീയൂസ് | * വി. ഫ്രാൻസിസ് അസ്സീസി |

1. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം എന്താണ്?
2. മനുഷ്യന്റെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം എന്ത്?
3. ഈശോയുടെ രക്ഷാകരദൗത്യം തുടരുവാൻ നിയുക്തയായിരിക്കുന്നത് ആര്?
4. സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ?
5. "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധ്യമല്ല" എന്ന് സാക്ഷ്യപ്പെടുത്തിയ ശ്ലീഹാ ആര്?
6. ക്രൈസ്തവ സന്യാസത്തിന്റെ പിള്ളത്തൊട്ടിൽ എവിടെ?
7. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും രക്ഷാകര പദ്ധതിയിലും പങ്കുചേരുവാൻ അവിടുന്ന് രൂപം കൊടുത്ത സംവിധാനം?
8. വൈദിക ശുശ്രൂഷയുടെ മുഖമുദ്ര എന്ത്?
9. സഭയുടെ പ്രേഷിതത്വത്തിന്റെ അവിഭാജ്യ ഘടകം എന്ത്?
10. പ്രകൃതിയേയും ജീവജാലങ്ങളേയും സ്നേഹിക്കുകയും അവയെ ദൈവാനുഭവത്തിലേക്കുള്ള ചവിട്ടുപടികളായി കണക്കാക്കുകയും ചെയ്ത വിശുദ്ധൻ ആര്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X7=7

11. വിശുദ്ധിപ്രാപിക്കാൻ രക്ഷാകരമായ ദൈവഭയം മനുഷ്യനെ പ്രേരിപ്പിക്കുന്നത് എങ്ങനെ?

12. ഈശോ നടത്തിയ ഏറ്റവും വലിയ സുവിശേഷപ്രഘോഷണം എന്തായിരുന്നു?
13. മതബോധനം വഴി ലക്ഷ്യം വയ്ക്കുന്നത് എന്താണ്?
14. മക്കളുടെ വിശ്വാസ ജീവിതത്തിൽ മാതാപിതാക്കൾ പ്രഥമ അധ്യാപകരും പ്രധാനാദ്ധ്യാപകരുമായി നിലകൊള്ളുന്നത് ഏത് അർത്ഥത്തിലാണ്?
15. ഭാരതം മുഴുവൻ അജപാലനാധികാരമുള്ള സഭയായി സീറോ മലബാർ സഭ മാറിയത് എങ്ങനെ?
16. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം എന്ത്?
17. പുരോഹിതരുടെ അടിസ്ഥാന ദൗത്യം എന്താണ്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

18. "സുവിശേഷ പ്രഘോഷണം" എന്ന അപ്പസ്തോലികപ്രബോധനം അനുസരിച്ച് പൗരോഹിത്യ ശുശ്രൂഷയുടെ മാനങ്ങൾ ഏതെല്ലാം?
19. സഭ ലോകത്തിൽ മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയുമായി വർത്തിക്കുന്നത് എങ്ങനെ?
20. അനുദിന ജീവിതത്തിൽ വിശുദ്ധി അഭ്യസിക്കുന്നത് എങ്ങനെ?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

21. പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളിലെ ഒന്നാമത്തെ രഹസ്യം എഴുതുക.
22. മറിയത്തെക്കുറിച്ച് എത്ര വിശ്വാസസത്യങ്ങളാണ് കത്തോലിക്കാ സഭ പ്രഖ്യാപിച്ചിട്ടുള്ളത്?
23. വചനം പൂർത്തിയാക്കുക. മത്തായി 6:33 "നിങ്ങൾ ആദ്യം ............"
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രാവ്' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

25. ദൈവസ്ഥാപിതമായ കുടുംബം എങ്ങനെയാണ് വിശ്വാസ പരിശീലന കളരി ആകുന്നതെന്നും, കുടുംബത്തിന്റെ പ്രേഷിത പ്രവർത്തന മാർഗങ്ങൾ എന്തെല്ലാമാണെന്നും 'പ്രേഷിതത്വം കുടുംബജീവിതത്തിലൂടെ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.
26. 'ഉടൻ പ്രതികരിക്കുന്ന മനസ്സിന് നന്നായി ചിന്തിക്കാൻ സമയം കിട്ടില്ല.' ഇന്ന് വൈകാരിക പക്വതയില്ലായ്മ (Emotional immaturity) പല നിസ്സാര പ്രശ്നങ്ങളേയും വലിയ കലഹങ്ങളിലേക്ക് നയിക്കുന്നുണ്ട്. എന്നാൽ വൈകാരിക പക്വതയോടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ വിശ്വാസ പരിശീലനവും പ്രാർത്ഥനയും നിങ്ങളെ എങ്ങനെ സഹായിക്കുന്നുവെന്ന് വ്യക്തമാക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 10
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# STD X

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (1x10=10)

1. ജീവിതസാക്ഷ്യം. 10/76/1
2. ദൈവവചനം 11/81/1
3. സഭ 9/65/1
4. പതിനൊന്നാം പീയൂസ് 10/74/1
5. യോഹന്നാൻ 14/104/3
6. ഈജിപ്ത് 13/93/1
7. വിവാഹം 11/80/1
8. വചനപ്രഘോഷണം 12/88/1
9. സന്യാസം 13/98/2
10. ഫ്രാൻസിസ് അസ്സീസി 9/70/1

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (1x7=7)

11. 14/101/3 – പരമപരിശുദ്ധനായ ദൈവത്തിന്റെ മുൻപിൽ നിൽക്കുമ്പോൾ മനുഷ്യൻ തന്നിലെ തിന്മകളും കുറവുകളും തിരിച്ചറിയുന്നു.
12. 12/85-86 – കുരിശിലെ ബലിയർപ്പണം തന്നെയായിരുന്നു.
13. 13/96/3 – ദിവ്യ ബലിയിലുള്ള പൂർണ്ണവും ക്രിയാത്മകവുമായ പങ്കുചേരലിലൂടെ പിതാവായ ദൈവത്തെ സ്യതത്തിലും അരൂപിയിലും ആരാധിക്കുവാൻ പഠിപ്പിക്കുക, ക്രൈസ്തവ വ്യക്തിത്വം രൂപപ്പെടുത്തുവാൻ പരിശീലിപ്പിക്കുക, ക്രിസ്തീയ മനസ്സാക്ഷിരൂപീകരണത്തിന് കുട്ടികളെ സഹായിക്കുക സർവ്വോപരി മിശിഹായുടെ ശരീരത്തെ പടുത്തുയർത്തുക.
14. 11/81/2 – മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസം പഠിപ്പിക്കേണ്ടവരും മാതാപിതാക്കളാണ്.
15. 10/75/2 – ഷംഷാബാദ്, ഹൊസൂർ എന്നീ സ്ഥലങ്ങളിൽ അജപാലനശുശ്രൂഷാ സംവീധാനങ്ങൾ നൽകുന്നതിനായി സീറോ മലബാർ രൂപതകൾ സ്ഥാപിക്കപ്പെട്ടതോടുകൂടി.
16. 9/67/1 – മിശിഹായുടെ പൂർണ്ണതയ്ക്കു യോജിച്ച വിധത്തിൽ പരിപൂർണ്ണമായ മനുഷ്യവ്യക്തിത്വം പ്രാപിക്കാൻ മനുഷ്യരെ സഹായിക്കുകയാണ്.
17. 12/87/Line1 – ദൈവത്തിന്റെ ജനവും മിശിഹായുടെ മൗതികശരീരവും പരിശുദ്ധാത്മാവിന്റെ ആലയവുമായ സഭയെ ഈ ലോകത്തിൽ നിരന്തരം പടുത്തുയർത്തുക.

## C .രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (3x3=9)

18. 12/90/1 – 1. ദൈവവചനം ആധികാരികമായി പ്രസംഗിക്കുക

    2. ...... 3. .... 4. .... 5...... 6......

19. 9/65-66 – ഈശോ നൽകിയ രക്ഷ പാപത്തിൽ നിന്നുള്ള.......... മോചനം പ്രാപിക്കാൻ ആവശ്യമായ ബോധവത്കരണം സഭ നൽകുന്നു.
20. 14/104/2 – ദൈവത്തിന്റെ കല്പനകൾ പാലിച്ചുകൊണ്ട്......... ദൈവത്തെ സ്നേഹിക്കുകയും അതുവഴി വിശുദ്ധിയിൽ വളരുകയുമാണ് ചെയ്യുന്നത്.

## D. നമസ്ക്കാരങ്ങൾ/സത്യദീപം/ ബൈബിൾ/ ലോഗോ (1x4=4)

21. പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളിലെ ഒന്നാമത്തെ രഹസ്യം.
22. 4 (സത്യദീപം )
23. മത്തായി 6:33 ''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും.'' (2025 നവംബർ 30)
24. 'പ്രാവ്' - യുദ്ധങ്ങളുടെയും അതിക്രമങ്ങളുടെയും ഈ ലോകത്ത് ഈശോയാണ് സമാധാനത്തിന്റെ ദൂതൻ. നമെല്ലാവരും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവാഹകരാകണം (വചനദീപം പേജ് 9)

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (5x2=10)

25. 11/81-82 - * കുടുംബം വിശ്വാപരിശീലന കളരി
    * കുടുംബത്തിന്റെ പ്രേഷിതപ്രവർത്തന മാർഗ്ഗങ്ങൾ
26. പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

26/01/2025 | മാർക്ക് - 50
02.00pm - 04.00pm | **STD - X** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

* ജീവിതസാക്ഷ്യം
* ദൈവവചനം
* വചന പ്രഘോഷണം
* കെ. സി. എസ്. എൽ
* മാർത്തോമ്മാ നസ്രാണികൾ
* വിവാഹം
* വിൻസന്റ് ഡി പോൾ
* ഫ്രഡറിക് ഓസാനാം
* ബൈബിൾ
* സഭയും ഇന്റർനെറ്റും
* ചെറുപുഷ്പ മിഷൻലീഗ്
* ഇന്റർനെറ്റിലെ ധാർമ്മികത
* ക്രിസ്ത്യാനികൾ
* കരുണ
* സ്നേഹം
* ദൈവസ്നേഹവും പരസ്നേഹവും

1. മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണ ഫലമായി രൂപപ്പെട്ട ക്രൈസ്തവസമൂഹം അറിയപ്പെടുന്ന പേര്?
2. ആദ്യം അച്ചടിക്കപ്പെട്ട ഗ്രന്ഥം ഏത്?
3. സൃഷ്ടികർമ്മത്തിലും രക്ഷാകരപദ്ധതിയിലും പങ്കുചേരുവാൻ ദൈവം രൂപംകൊടുത്ത സംവിധാനം ഏത്?
4. സ്നേഹത്തിന്റെ ഉദാത്തഭാവം എന്ത്?
5. ഏഷ്യയിലെ ഏറ്റവും വലിയ അത്മായ പ്രേഷിത സംഘടന ഏത്?
6. യഥാർത്ഥ ക്രിസ്തുശിഷ്യന്മാരുടെ അടയാളം എന്തെന്നാണ് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്?
7. മനുഷ്യന്റെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം എന്താണ്?
8. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം എന്താണ്?
9. മനുഷ്യവംശത്തിന്റെ പൊതുനന്മയും ഐക്യദാർഢ്യവും വളർത്തുന്ന വിധത്തിലേ ഇന്റർനെറ്റ് ഉപയോഗിക്കാവൂ എന്ന് പഠിപ്പിക്കുന്ന രേഖ ഏത്?
10. വിൻസന്റ് ഡി പോൾ സംഘടന സ്ഥാപിച്ചത് ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X6=6**

11. ഭക്ത സംഘടനകളുടെയും കൂട്ടായ്മകളുടെയും ലക്ഷ്യം എന്താണ്?
12. കോറിന്തോസിലെ സഭാ സമൂഹത്തെ വി. പൗലോസ് അഭിസംബോധന ചെയ്യുന്നത് എങ്ങനെയാണ്?

13. കുടുംബസമേതം മാമ്മോദീസ സ്വീകരിച്ച് ഈശോയുടെ പ്രേഷിതരായിത്തീർന്ന ആദിമസഭയിലെ രണ്ട് കുടുംബങ്ങൾ ഏവ?

14. ഭാരതത്തിലെ പ്രേഷിതപ്രവർത്തനങ്ങൾ ഗണ്യമായ രീതിയിൽ സജീവമായത് എന്നുമുതലാണ്?

15. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനമനുസരിച്ച് ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ത്?

16. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രേഷിത പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ച വസ്തുതകൾ ഏവ?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

17. കുടുംബജീവിതം നയിക്കുന്നവർക്ക് പ്രേഷിതപ്രവർത്തനങ്ങളിൽ എങ്ങനെ പങ്കുപറ്റാൻ സാധിക്കും?

18. സത്യം, നീതി, സ്നേഹം തുടങ്ങിയ മൂല്യങ്ങളിൽ വളരേണ്ടതിന് വരും തലമുറകൾക്ക് നൽകേണ്ട പരിശീലനത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ എന്ത് പഠിപ്പിക്കുന്നു?

19. ലോകത്തിന്റെ മനഃസാക്ഷിയാണ് സഭ എന്നു പറയാൻ കാരണമെന്ത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **2X4=8**

20. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ 'കർത്താവേ, ആശീർവ്വദിക്കണമേ. എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.

21. പരി. അമ്മയുടെ വണക്കത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസങ്ങളും അവ എന്തിനാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതെന്നും എഴുതുക.

22. വചനം പൂർത്തിയാക്കുക. സുഭാഷിതങ്ങൾ 3:6 "നിന്റെ എല്ലാ.........."

23. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഗോതമ്പ് കതിരും മുന്തിരിയും തിരുശരീരവും തിരുരക്തവും' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

24. അനുദിന ജീവിതത്തിൽ നമുക്ക് എങ്ങനെ വിശുദ്ധിയിൽ ജീവിക്കാം എന്ന് 'വിശുദ്ധരാകൂ പ്രേഷിതരാകൂ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. "നിങ്ങൾക്ക് നിങ്ങളുടെ ശീലങ്ങൾ മാറ്റാൻ കഴിയും; നിങ്ങളുടെ ശീലങ്ങൾക്ക് തീർച്ചയായും നിങ്ങളുടെ ഭാവിയേയും മാറ്റി മറിക്കാനാകും" എന്ന് എ. പി. ജെ അബ്ദുൽ കലാം പറയുന്നുണ്ട്. ജീവിതത്തിന്റെ ഒരു വഴിത്തിരിവിലെത്തിയിരിക്കുന്ന നിങ്ങൾക്ക്, നിങ്ങളുടെ സ്വപ്നങ്ങളും മാതാപിതാക്കളുടെ സ്വപ്നങ്ങളും കോർത്തിണക്കി നല്ലൊരു ഭാവി ജീവിതം കരുപിടിപ്പിക്കാൻ സ്വന്തമാക്കേണ്ട നല്ല ശീലങ്ങളേയും മാറ്റേണ്ട ദുശ്ശീലങ്ങളേയും വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 10

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം

## STD X

### A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക

1. മാർത്തോമ്മാ നസ്രാണികൾ (പാഠം 10, പേജ് 72 പാര 2)
2. ബൈബിൾ (പാഠം 9, പേജ് 67 പാര 2)
3. വിവാഹം (പാഠം 11, പേജ് 80 പാര 1)
4. കരുണ (പാഠം 14, പേജ് 102 പാര 2)
5. ചെറുപുഷ്പ മിഷൻലീഗ് (പാഠം 15, പേജ് 109 പാര 3)
6. ദൈവസ്നേഹവും പരസ്നേഹവും (പാഠം 14, പേജ് 103 പാര 1)
7. ദൈവവചനം (പാഠം 11, പേജ് 81 പാര 1)
8. ജീവിതസാക്ഷ്യം (പാഠം 10, പേജ് 76 പാര 1)
9. ഇന്റർനെറ്റിലെ ധാർമ്മീകത (പാഠം 9, പേജ് 68 പാര 3)
10. ഫ്രെഡറിക് ഓസാനാം (പാഠം 15, പേജ് 112 പാര 2)

### B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

11. പാഠം 15, പേജ് 113 പാര 3)
12. പാഠം 14, പേജ് 101 പാര 1)
13. പാഠം 11, പേജ് 79 പാര 1)
14. പാഠം 10, പേജ് 73 പാര 3)
15. പാഠം 9, പേജ് 67 പാര 1)
16. പാഠം 10, പേജ് 73 പാര 2)

### C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക

17. പാഠം 11, പേജ് 83 പാര 1)
18. പാഠം 15, പേജ് 108 പാര 2)
19. പാഠം 9, പേജ് 66 പാര 1)

### D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ

20. 'സകലത്തിന്റെയും നാഥനായ ദൈവം......' സീറോമലബാർ സഭയുടെ വി. കുർബാന പുസ്തകം
21. മെയ് (വണക്കമാസം), ഒക്ടോബർ (ജപമാലമാസം) (സത്യദീപം, ഒക്ടോബർ 23 പേജ് 09)
22. സുഭാഷിതങ്ങൾ 3:6, വചനദീപം പേജ് 27
23. 'ഗോതമ്പ് കതിരും മുന്തിരിയും തിരുശരീരവും തിരുരക്തവും'

### E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

24. പാഠം 14, പേജ് 104,105 'വിശുദ്ധരാകൂ പ്രേഷിതരാകൂ'
25. പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**28/01/2024** **മാർക്ക് - 50**

**02.00 P.M. - 04.00 P.M.** **STD - X** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * സ്നേഹം | * യോഹന്നാൻ 5:24 | * പൗലോസ് ശ്ലീഹാ |
| * അവകാശം | * ചെറുപുഷ്പ മിഷൻലീഗ് | * വിൻസന്റ് ഡി. പോൾ |
| * സമഗ്രവിമോചനം | * പുറപ്പാട് 3:5 | * പ്രാർത്ഥന |
| * പുറപ്പാട് 4:5 | * മത്തായി 5:16 | * ജീവിതസാക്ഷ്യം |
| * മാർത്തോമ്മാ നസ്രാണികൾ | * വി. ഫ്രാൻസിസ് അസ്സീസി | * മാർത്തോമ്മാ സുറിയാനിസഭ |

1. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം
2. "സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് സുപ്രധാനം", എന്ന് ഉദ്ബോധിപ്പിച്ചത് ആര്?
3. ഈശോ നൽകിയ രക്ഷ പാപത്തിൽ നിന്നുള്ള ആത്മാവിന്റെ മോചനം മാത്രമല്ല, മനുഷ്യന്റെ ................ഉം ആണ്.
4. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതനുസരിച്ച് കുടുംബത്തെ വിശുദ്ധീകരിക്കുകയും ദാമ്പത്യബന്ധത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഘടകം
5. പരിസ്ഥിതിയുടെ മദ്ധ്യസ്ഥൻ
6. സ്ഥാപക ശ്ലീഹായുടെ പേരിൽ അറിയപ്പെട്ടിരുന്ന ഏക സഭ
7. ദൈവവചനത്തിന്റെ കാതൽ
8. "എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്." വചനഭാഗം എഴുതുക.
9. സ്നേഹം, ത്യാഗം, സേവനം, സഹനം എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന സംഘടന
10. "അടുത്തു വരരുത്. നിന്റെ ചെരുപ്പ് അഴിച്ച് മാറ്റുക. എന്തുകൊണ്ടെന്നാൽ, നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്." വചനഭാഗം എഴുതുക.

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6

11. കെ.സി.എസ്.എൽ എന്ന സംഘടനയുടെ മുദ്രാവാക്യമെന്ത്?
12. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നത് എന്ത്?

13. യഥാർത്ഥ ക്രിസ്തുശിഷ്യന്മാരുടെ അടയാളം എന്ത്?

14. പ്രേഷിതത്വത്തിന്റെ കാതൽ എന്ത്?

15. വിവിധ മതപാരമ്പര്യങ്ങൾ പിൻതുടരുന്ന വിശ്വാസികളുള്ള ഭാരതത്തിൽ ഈശോയെ പ്രഘോഷിക്കാനുള്ള ഏറ്റവും ശക്തമായ മാർഗം ഏത്?

16. സഭ ഇന്നത്തെ ലോകത്തിൽ മനുഷ്യന്റെ സമഗ്ര പുരോഗതിക്കായി വിനിയോഗിക്കുന്ന വിവിധ മാർഗങ്ങൾ ഏവ?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **2X3=6**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

17. കുടുംബത്തിനുള്ള ദൈവിക ദൗത്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതെന്ത്?

18. ക്രിസ്തീയവിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും പ്രാധാന്യവും വ്യക്തമാക്കുക.

19. അനുദിന ജീവിതത്തിൽ വിശുദ്ധി നേടാൻ നാം പാലിക്കേണ്ടതും നിറവേറ്റേണ്ടതുമായ കാര്യങ്ങൾ എന്തെല്ലാം?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **2X4=8**

20. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ 'ദൈവമേ, അങ്ങയുടെ കൃപയ്ക്കൊത്തവിധം എന്നോടു ദയ തോന്നണമേ.' എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.

21. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വി. കുർബാനയെ 'റാസ' (രഹസ്യം) എന്ന പദം കൊണ്ട് വിശേഷിപ്പിക്കുന്നത് എന്ത് അർത്ഥത്തിലാണ്?

22. വചനം പൂർത്തിയാക്കുക. ഫിലിപ്പി 2:4 "ഓരോരുത്തരും സ്വന്തം ........"

23. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'ഹൃദയവും ജ്വാലയും' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

24. പാവങ്ങളോടുള്ള സമീപനത്തിൽ വി. ബേസിൽ, വി. ക്രിസ്സോസ്റ്റോം എന്നിവരുടെ മനോഭാവങ്ങളും പ്രബോധനങ്ങളും ഇന്ന് നമുക്ക് എങ്ങിനെ പ്രാവർത്തികമാക്കാം? എട്ടാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. മാതാപിതാക്കളെ വേദനിപ്പിക്കുകയും വിശ്വാസം പോലും ഉപേക്ഷിക്കുകയും ചെയ്യുന്ന അപകടകരവും തെറ്റായതുമായ പ്രണയബന്ധങ്ങളിലേക്ക് നമ്മുടെ ചില യുവതീയുവാക്കൾ എത്തിപ്പെടാറുണ്ട്. ഈ സാഹചര്യത്തെ എങ്ങനെയെല്ലാം പ്രതിരോധിക്കാനാകും? ഈ വിഷയത്തിൽ നിങ്ങളുടേതായ പ്രതികരണങ്ങളും ബോധ്യങ്ങളും വിവരിക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 10

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**29/01/2023** **മാർക്ക് – 50**

**02.00 P.M. - 04.00 P.M.** **STD - X** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക

**A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക** **1X5=5**

1. ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയും എന്താണ്?
2. ജീവനെ സ്വാഗതം ചെയ്യുന്നതും സംരക്ഷിക്കുന്നതും വളർത്തുന്നതും എവിടെയാണ്?
3. ഇന്ത്യയിൽ സാമൂഹികതിന്മകൾക്കെതിരെ സുവിശേഷവേല ചെയ്തതിന്റെ പേരിൽ രക്തസാക്ഷിയായ സമർപ്പിത ആര്?
4. എന്താണ് ദൈവസ്നേഹത്തിന്റെ ഉരകല്ല്?
5. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും രക്ഷാകരപദ്ധതിയിലും പങ്കുചേരാൻ ദൈവം രൂപം കൊടുത്ത സംവിധാനം എന്ത്?

**പദപ്പെട്ടി**

സമൂഹത്തിൽ
വി. മദർ തെരേസ
കാരുണ്യപ്രവൃത്തികൾ
സഭ
പൗരോഹിത്യം

**പദപ്പെട്ടി**

സഹോദരസ്നേഹം
വാ. സി. റാണി മരിയ
വിവാഹം
കുടുംബങ്ങളിൽ
ജീവിതസാക്ഷ്യം

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

6. പുരോഹിതന്റെ ത്രിവിധ ദൗത്യങ്ങൾ ഏതെല്ലാം?
7. യേശുവിന്റെയും മനുഷ്യരുടെയും പൗരോഹിത്യത്തിന്റെ വ്യത്യാസം എന്ത്?
8. ഏറ്റവും വലിയ പ്രേഷിതപ്രവർത്തനം എന്താണ്?
9. സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം എന്താണ്?
10. സഭാസമൂഹം രൂപപ്പെട്ടത് എന്തിന്റെ ഫലമായിട്ടാണ്?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **2X10=20**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയ വിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

11. മതബോധന (വിശ്വാസപരിശീലനം) ക്ലാസ്സുകൾകൊണ്ട് ലക്ഷ്യം വയ്ക്കുന്നത് എന്താണ്?
12. എങ്ങനെയാണ് മതസംവാദം ഒരു മിഷൻപ്രവർത്തന ശൈലിയാകുന്നത്?
13. ക്രിസ്തീയവിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് എന്ത്?
14. ഓരോ വ്യക്തിയുടെയും പ്രഥമവും പ്രധാനവുമായ വിശ്വാസപരിശീലനകളരി കുടുംബമാണ്. ഒരു കുറിപ്പെഴുതുക.
15. ഈശോയോട് ചേർന്നു നിൽക്കുന്നവരിൽ പ്രകടമാകുന്ന സജീവത്വം എന്തെല്ലാമാണ്?
16. കാരുണ്യപ്രവൃത്തികളിൽ ശാരീരികങ്ങൾ കുറിയ്ക്കുക.
17. ചെറുപുഷ്പ മിഷൻലീഗിനെക്കുറിച്ച് കുറിപ്പെഴുതുക.
18. വി. മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരം ജീവനിലേക്കു നയിക്കുന്ന വാതിലിന്റെ പ്രത്യേകതകൾ എന്തെല്ലാം?
19. പരിസ്ഥിതിസംരക്ഷണം എങ്ങനെയാണ് ഒരു പ്രേഷിതപ്രവർത്തനമാകുന്നത്?
20. സീറോമലബർ സഭയിലെ പ്രഥമ അതിരൂപത ഏത്? സ്ഥാപിതമായ വർഷം എന്ന്?

**D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

21. 'ക്രിസ്തീയകുടുംബം സ്വഭാവത്താലെ പ്രേഷിതയാണ്.' 11-ാം പാഠത്തെ അടിസ്ഥാനമാക്കി ബൈബിളിന്റെയും സഭാപഠനങ്ങളുടെയും വെളിച്ചത്തിൽ സമർത്ഥിക്കുക. നിങ്ങളുടെ വിലയിരുത്തലുകളും അഭിപ്രായങ്ങളും അനുഭവങ്ങളും ഉൾപ്പെടുത്താം.
22. നവമാധ്യമങ്ങളിലൂടെ വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാമെന്നതിന്റെ ആധുനിക സാക്ഷ്യമാണല്ലോ കാർലൊ അക്കൂത്തിസ്. ഈ യുവ വാഴ്ത്തപ്പെട്ടവൻ നിങ്ങളെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്നും നവമാധ്യമങ്ങളിലൂടെ നിങ്ങൾക്ക് എപ്രകാരം വിശ്വാസത്തിന് സാക്ഷ്യം നൽകാൻ കഴിയുമെന്നും വിശദമാക്കുക.

23. ഇന്റേണൽ അസസ്സ്മെന്റ്: 10

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# രണ്ടാം സെമസ്റ്റർ പരീക്ഷ (29/01/2023)

## Std X Answer Key

A. **ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** (5X1=5)

1. സഭ (Lesson 9, Page 65, Para 1)
2. കുടുംബങ്ങളിൽ (Lesson 13, Page 97, Para 1)
3. വാഴ്ത്തപ്പെട്ട സി. റാണി മരിയ (Lesson 9, Page 70, Para 2)
4. സഹോദരസ്നേഹം (Lesson 14, Page 104, Para 3)
5. വിവാഹം (Lesson 11, Page 80, Para 1)

B. **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** (5X1=5)

6. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക (Lesson 12, Page 86, Para 3)
7. ഈശോയാണ് ഏകപുരോഹിതൻ. മറ്റു പുരോഹിതരെല്ലാം അവിടുത്തെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരാണ്. (Lesson 12, Page 86, Para 1)
8. വിശുദ്ധമായ ഒരു ജീവിതം നൽകുന്ന സാക്ഷ്യം (Lesson 14, Page 105, Para 2)
9. സുവിശേഷത്തിലെ മിശിഹായെ അനുകരിക്കുക (Lesson 13, Page 95, Para 1)
10. വചനപ്രഘോഷണത്തിന്റെ (Lesson 12, Page 88, Para 1)

C. **രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** (Main points) (10X2=20)

11. Lesson 13, Page 96, Para 3

- ദൈവത്തെ ആരാധിക്കാൻ പഠിപ്പിക്കുക
- ക്രൈസ്തവ വ്യക്തിത്വം രൂപപ്പെടുത്തുക
- ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിൽ സഹായിക്കുക
- മിശിഹായുടെ ശരീരത്തെ പടുത്തുയർത്തുക

12. Lesson 10, Page 76, Para 2

- മറ്റ് മതാനുയായികളുടെ വിശ്വാസപാരമ്പര്യങ്ങളെ മനസ്സിലാക്കുക
- ക്രൈസ്തവപാരമ്പര്യത്തിന്റെ ദൈവാനുഭവത്തിൽ പങ്കുചേരാൻ അവരെ ക്ഷണിക്കുക
- നല്ലബന്ധം സ്ഥാപിക്കുക, അവരെ സഹായിക്കുക
- സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കുക

13. Lesson 9, Page 67, Para 1

- മനുഷ്യവ്യക്തിത്വത്തിന്റെ പക്വത
- കുട്ടികളുടെ വിശ്വാസപരവും ധാർമ്മികവുമായ പരിശീലനം

14. Lesson 11, Page 81, Para 2

- മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കപ്പെടുന്നത്, പഠിപ്പിക്കുന്നത്
- സ്വന്തമാതൃകയാലും ഉപദേശത്താലും മക്കളുടെ ക്രിസ്തീയ ജീവിതത്തിന് രൂപം നൽകണം
- ക്രിസ്തീയ വിദ്യാഭ്യാസം നൽകുന്നതുകൊണ്ട്

15. Lesson 14, Page 102, Para 4

- ഇടവകപ്രവർത്തനങ്ങളിൽ സജീവമായിരിക്കും
- അനുദിന ബലിയർപ്പണത്തിലും കൗദാശികജീവിതത്തിലും തൽപരരായിരിക്കും
- കൂട്ടായ്മകളിൽ സഹകരിക്കും
- കുടുംബപ്രാർത്ഥനകൾ ചൊല്ലും
- വീട്ടുകാരെയും കൂട്ടുകാരെയും സഹായിക്കും
- മറ്റുള്ളവരുടെ ആവശ്യങ്ങളിലും സുഖദുഃഖങ്ങളിലും പങ്കുചേരും

16. വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുന്നത്
................ മരിച്ചവരെ അടക്കുന്നത് (നമസ്കാരം 18)

17. Lesson 15, Page 109-110, Para 3

- ഏഷ്യയിലെ ഏറ്റവും വലിയ അല്മായ പ്രേഷിതസംഘടന
- 1947-ൽ ഭരണങ്ങാനത്ത് ആരംഭിച്ചു
- വ്യക്തികളിലും കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും പ്രേഷിതചൈതന്യം വളർത്തുക, പ്രാർത്ഥന, സംഭാവന, ദൈവവിളി പ്രോത്സാഹനം
- സ്നേഹം, ത്യാഗം, സേവനം, സഹനം എന്ന മുദ്രാവാക്യം
- കുട്ടികളിൽ ക്രിസ്തീയവ്യക്തിത്വം രൂപപ്പെടുത്തുക
- നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന ക്രിസ്തുദൗത്യം പ്രാവർത്തികമാക്കുന്നു

18. ഇടുങ്ങിയതും വഴി വീതി കുറഞ്ഞതുമാണ്. അത് കണ്ടെത്തുന്നവർ ചുരുക്കം (ബൈബിൾ, മത്തായി 7:14)

19. Lesson 9, Page 70, Para 2

- പൊതുനന്മയ്ക്കായി പരിസ്ഥിതി സംരക്ഷണം നമ്മുടെ ഉത്തരവാദിത്വമാണ്
- ഭാവി തലമുറയ്ക്കുവേണ്ടി പ്രകൃതിയെ സംരക്ഷിക്കുന്നത്
- പ്രകൃതിയെ ചൂഷണം ചെയ്യാതിരിക്കുന്നത്
- പ്രകൃതിയെയും ജീവജാലങ്ങളെയും സ്നേഹിക്കുക
- ദൈവാനുഭവത്തിലേക്കുള്ള ചവിട്ടുപടികളായി കാണുക

20. എറണാകുളം അതിരൂപത (എറണാകുളം-അങ്കമാലി), 1923 (സത്യദീപം, 2022, ഡിസംബർ 21, പേജ് 3)

**ഒരുപേജിൽ കുറയാതെ ഉത്തരമെഴുതുക.** (Main points) (5X2=10)

21. Lesson 11 :

- കുടുംബം - ദൈവത്താൽ സ്ഥാപിതവും ആദ്യ വിശ്വാസപരിശീലന കളരിയുമാണ്
- രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനങ്ങൾ
- സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തന മാർഗരേഖ
- നിയമാ 6:6-9 * അപ്പ. 16 - ലിദിയായും കുടുംബവും
  * അപ്പ. 10 - കൊർണേലിയോസും കുടുംബവും
  * 1 കൊറി 16:15 - സ്തേഫാനോസും കുടുംബവും
- മാതൃകാപരമായ കുടുംബം ഒരു ജീവിതസാക്ഷ്യമാണ്
- ഇടവക-സമൂഹതലത്തിൽ എങ്ങനെ സാക്ഷ്യമാകുന്നു
- വചനം പ്രഘോഷിക്കുന്നതും ജീവിക്കുന്നതും കുടുംബത്തിൽനിന്ന്

22. പൊതുചോദ്യം

- സാധാരണജീവിതംകൊണ്ട് വിശുദ്ധി നേടാമെന്ന് പഠിപ്പിക്കുന്നു
- ബാഹ്യമായ കാര്യങ്ങളല്ല ആന്തരിക ശുദ്ധിയാണ് വിശുദ്ധിയുടെ തലം
- ഇന്നത്തെ ലോകത്തിൽ വിശുദ്ധനാകാൻ കഴിയും എന്നതിന്റെ മാതൃക
- ഈശോയോടുള്ള സ്നേഹമാണ് വിശുദ്ധിയുടെ അളവുകോൽ
- എങ്ങനെ ഈശോയെ കൊടുക്കാം, മഹത്വപ്പെടുത്താമെന്ന് കാർലോ പഠിപ്പിക്കുന്നു
- നവമാധ്യമങ്ങളിലൂടെ സഭയും വിശ്വാസവും മോശമായി ചിത്രീകരിക്കപ്പെടുമ്പോൾ അവയെ പ്രതിരോധപ്പെടുത്തും
- വിശ്വാസവും നന്മപ്രവൃത്തികളും പ്രോത്സാഹിപ്പിക്കുന്ന സന്ദേശങ്ങൾ ആകർഷകമായ രീതിയിൽ അവതരിപ്പിക്കും
- അത്തരം contents പരമാവധി ഷെയർ ചെയ്യും. ഉദാ: 'The chosen' – web series, catechismernakulam, etc.

*******